REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 17-02-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **10 വർഷത്തിനിടെ ഗോത്രവർഗക്കാരുടെ വികസനത്തിന് ഫലപ്രദമായ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ തെരഞ്ഞെടുക്കുന്നതിന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഇന്ന് സെലക്ഷൻ കമ്മിറ്റി യോഗം.**
- **വയനാട്ടിലെ പുനരധിവാസം ചർച്ച ചെയ്യാൻ മുഖ്യമന്ത്രി വിളിച്ച യോഗം വൈകിട്ട് തിരുവനന്തപുരത്ത്.**
- **അക്കാദമിക് മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സമഗ്ര ഗുണമേന്മാ പദ്ധതി ആരംഭിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **സംസ്ഥാനത്തെ ആശാ വർക്കർമാർക്കും അങ്കണവാടി ജീവനക്കാർക്കും ഇന്നും നാളെയുമായി കാൻസർ സ്ക്രീനിംഗ് നടത്തും.**
- **വനിതാ പ്രീമിയർ ലീഗ് ട്വന്റി 20 ക്രിക്കറ്റിൽ ഗുജറാത്ത് ജയ്ന്റ്സ് UP വാരിയേഴ്സിനെ തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

കഴിഞ്ഞ 10 വർഷത്തിനിടെ ഗോത്രവർഗക്കാരുടെ വികസനത്തിന് ഫലപ്രദമായ നിരവധി നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. രാജ്യത്തെ ഗോത്രവർഗക്കാരുടെ പാരമ്പര്യങ്ങളും ജീവിതരീതികളും രാജ്യത്തിന്റെ സംസ്കാരത്തെ സമ്പന്നമാക്കുന്നുവെന്ന്

ന്യൂഡൽഹിയിൽ ആദി മഹോത്സവ് ഉദ്ഘാടനം ചെയ്യവെ രാഷ്ട്രപതി പറഞ്ഞു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.

........വോയ്സ്.......

ഈ വർഷത്തെ ബജറ്റിൽ ആദിവാസി ക്ഷേമത്തിനു വിഹിതം മൂന്നിരട്ടി വർധിപ്പിച്ചതായി രാഷ്ട്രപതി പറഞ്ഞു. ആദിവാസി സമൂഹങ്ങളെ ഉയർത്തിയാൽ മാത്രമേ രാജ്യം വികസിക്കുകയുള്ളൂവെന്നും അവർ അഭിപ്രായപ്പെട്ടു. ആദിവാസി സമൂഹത്തെ അതിവേഗം വികസിപ്പിക്കുന്നതിന് ബഹുമുഖ ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും രാഷ്ട്രപതി പറഞ്ഞു. രാജ്യത്തെ ഗോത്ര സമൂഹങ്ങളുടെ ഊർജ്ജസ്വലമായ സംസ്കാരം, പൈതൃകം, സാമ്പത്തിക സാധ്യതകൾ എന്നിവ പ്രദർശിപ്പിക്കുന്നതിന് ഈ മാസം 24 വരെയാണ് ട്രൈബൽ അഫയേഴ്സ് മന്ത്രാലയം ആദി മഹോത്സവം സംഘടിപ്പിക്കുന്നത്.

മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ നടക്കുന്ന ഫെസ്റ്റിവലിൽ 600-ലധികം ആദിവാസി കരകൗശല വിദഗ്ധരും 500 കലാകാരന്മാരും പങ്കെടുക്കുന്നുണ്ട്.

✪✪✪

മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണറെ തെരഞ്ഞെടുക്കു ന്നതിന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ഇന്ന് സെലക്ഷൻ കമ്മിറ്റി യോഗം ചേരും. ആഭ്യന്തര മന്ത്രി അമിത് ഷാ യും, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി യും യോഗത്തിൽ പങ്കെടുക്കും. മുഖ്യതെരഞ്ഞെടുപ്പ് കമ്മീഷണർ രാജീവ് കുമാർ നാളെ വിരമിക്കും.

✪✪✪

ഡൽഹിയിൽ ഭൂചലനം. പുലർച്ചെ 5. 36നാണ് റിക്ടർ സ്കെയിലിൽ 4 രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായത്. ഡൽഹി, നോയിഡ, ഗ്രെയ്റ്റർ നോയ്ഡ, എന്നീ പ്രദേശങ്ങളടക്കം നാല് കിലോമീറ്ററിനുള്ളിലാണ് ഭൂചലനം അനുഭവപ്പെട്ടത്.

✪✪✪

അമേരിക്കയിൽ നിന്നും അനധികൃത ഇന്ത്യൻ കുടിയേറ്റക്കാരുമായി മൂന്നാമത്തെ സൈനിക വിമാനം ഇന്നലെ രാത്രി പത്തുമണിയോടെ അമൃത്സറിൽ ഇറങ്ങി. കുട്ടികളും സ്ത്രീകളും ഉൾപ്പെടെ 112 പേരാണ് വിമാനത്തിലുണ്ടായിരുന്നത്.

US വ്യോമസേനയുടെ സി-17 ഗ്ലോബ്മാസ്റ്റർ വിമാനത്തിലാണ് ഇവരെ എത്തിച്ചത്.

ഇതിൽ 44 പേർ ഹരിയാണ സ്വദേശികളും 33 പേർ ഗുജറാത്ത് സ്വദേശികളും 31 പേർ പഞ്ചാബ് സ്വദേശികളും രണ്ടുപേർ ഉത്തർപ്രദേശ് സ്വദേശികളുമാണ്. ഹിമാചൽ പ്രദേശിൽനിന്നും ഉത്തരാഖണ്ഡിൽ നിന്നും ഓരോരുത്തരും തിരിച്ചയക്കപ്പെട്ടവരുടെ കൂട്ടത്തിലുണ്ട്.

മൂന്ന് സൈനിക വിമാനങ്ങളിലായി ഇതുവരെ 333 അനധികൃത കുടിയേറ്റക്കാരെയണ് അമേരിക്ക തിരിച്ചയച്ചത്.

✪✪✪

BSF-ഉം ബോർഡർ ഗാർഡ് ബംഗ്ലാദേശ്, BGBയും തമ്മിൽ 55-ാമത് ഡയറക്ടർ ജനറൽ തല അതിർത്തി ഏകോപന സമ്മേളനം ഇന്ന് ആരംഭിക്കും. നാല് ദിവസങ്ങളിലായി ഡൽഹിയിൽ സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ, BSF ഡയറക്ടർ ജനറൽ ദൽജിത് സിംഗ് ചൗധരിയുടെ നേതൃത്വത്തിൽ BSF പ്രതിനിധി സംഘം, BGB ഡയറക്ടർ ജനറൽ മേജർ ജനറൽ മുഹമ്മദ് അഷ്റഫുസ്സമാൻ സിദ്ദിഖിയുടെ നേതൃത്വത്തിലെ BGB പ്രതിനിധി സംഘവുമായി ചർച്ച നടത്തും.

അതിർത്തിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും അതിർത്തി സംരക്ഷണ സേനകൾ തമ്മിലെ മികച്ച ഏകോപനത്തിനും വേണ്ടിയാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

✪✪✪

വയനാട്ടിലെ പുനരധിവാസം ചർച്ച ചെയ്യാൻ തിരുവനന്തപുരത്ത് ഇന്ന് വൈകിട്ട് യോഗം ചേരും. മുഖ്യമന്ത്രി പിണറായി വിജയനാണ് യോഗം വിളിച്ചത്.

ഉരുൾ പൊട്ടൽ ദുരന്തം നടന്ന മുണ്ടക്കൈ, ചൂരൽമല മേഖലകളുടെ പുനർനിർമ്മാണത്തിനു കേന്ദ്രം അനുവദിച്ച വായ്പ വിനിയോഗിക്കുന്നത് ഉൾപ്പെടെ കാര്യങ്ങൾ യോഗം ചർച്ച ചെയ്യും.

✪✪✪

അക്കാദമിക് മികവും ഗുണനിലവാരവും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് സമഗ്ര ഗുണമേന്മാ പദ്ധതി ആരംഭിക്കുമെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നാളെ രാവിലെ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് മന്ത്രി കോഴിക്കോട്ട് പറഞ്ഞു. പഞ്ചായത്ത് തലങ്ങളിലും

സ്കൂൾ തലങ്ങളിലും ശില്പശാലകളും ചർച്ചകളും സംഘടിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു.

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസമേഖലയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ഓരോ വിദ്യാലയത്തേയും മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തേണ്ടതുണ്ടെന്നും ശിവൻകുട്ടി പറഞ്ഞു..

റാഗിംഗ് തടയുന്നതിന് കർശനമായ നടപടി സ്വീകരിക്കുന്നതിന് ഒപ്പം ബോധവൽക്കരണ പ്രവർത്തനങ്ങളും ഇടപെടലും നടത്തേണ്ടതുണ്ടെന്നും മന്ത്രി പറഞ്ഞു.

✪✪✪

ചാലക്കുടി പോട്ടയിലെ ബാങ്ക് കവർച്ചകേസിലെ പ്രതിയെ പൊലീസ് പിടികൂടി.

ചാലക്കുടി ആശാരിക്കടവ് സ്വദേശി റിജോ ആന്റണി ആണ് പിടിയിലായത്. ഇളിൽ നിന്ന് പൊലീസ് പത്തു ലക്ഷം രൂപ കണ്ടെടുത്തു. കവർച്ച നടന്ന് മൂന്നാം ദിവസമാണ് പ്രതിയെ പൊലീസ് പിടികൂടുന്നത്.

ബാങ്കിലെ കടം വീട്ടാനാണ് മോഷ്ടിച്ചതെന്നാണ് പ്രതിയുടെ ആദ്യമൊഴി.

സിസിടിവിയും ഫോൺ കോളുമാണ് പ്രതിയെ പിടികൂടാൻ നിർണായകമായതെന്നും പ്രതി കുറ്റസമ്മതം നടത്തിയെന്നും റൂറൽ SP കൃഷ്ണകുമാർ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ആശാ വർക്കർമാർക്കും അങ്കണവാടി ജീവനക്കാർക്കും ഇന്നും നാളെയുമായി കാൻസർ സ്ക്രീനിംഗ് നടത്തും. 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ ഭാഗമായാണ് ഇവർക്കു മാത്രമായി സ്ക്രീനിംഗ് നടത്തുന്നത്.

ഡെസ്ക് റിപ്പോർട്ട്...

.........വോയ്സ്.........

എല്ലാ പ്രാഥമിക പരിശോധനകളും സൗജന്യമായി നൽകുമെന്ന് മന്ത്രി വീണാജോർജ്ജ് തിരുവനന്തപുരത്ത് അറിയിച്ചു. എല്ലാ ആശാവർക്കർമാരും അങ്കണവാടി ജീവനക്കാരും സ്ക്രീനിംഗിൽ പങ്കെടുക്കണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിന്റെ ഭാഗമായി ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത്. അതിന്റെ ആദ്യഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക്

വേണ്ടിയാണ്. സ്ത്രീകളെ പ്രധാനമായി ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗള കാൻസർ എന്നിവയോടൊപ്പം മറ്റ് കാൻസറുകളും സ്ക്രീനിംഗ് നടത്തുന്നുണ്ട്. എല്ലാ ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങളിലും തിരഞ്ഞെടുത്ത സ്വകാര്യ ആശുപത്രികളിലും സ്ക്രീനിംഗ് സൗകര്യം ലഭ്യമാണ്.

✪✪✪

കോസ്റ്റ് ഗാർഡ് വാരത്തിന്റെ ഭാഗമായി കേന്ദ്രഭരണ പ്രദേശമായ ദമാനിൽ നിന്ന് ഈ മാസം രണ്ടിന് ആരംഭിച്ച സൈക്കിൾ റാലി കേരളത്തിൽ പ്രവേശിച്ചു.

തീര സുരക്ഷ ഉറപ്പാക്കുക എന്ന സന്ദേശത്തോടെ രാജ്യത്തിന്റെ പശ്ചിമ തീരത്ത് കൂടി മഹാരാഷ്ട്ര, ഗോവ, കർണാടക സംസ്ഥാനങ്ങൾ പിന്നിട്ടാണ് 20 പേർ അടങ്ങുന്ന സംഘം കേരളത്തിൽ എത്തിയത്.

പിലാത്തറ, ബേപ്പൂർ, തളിക്കുളം, കൊച്ചി, പന്മന തുടങ്ങിയ പ്രദേശങ്ങൾ സന്ദർശിച്ച് റാലി ഞായറാഴ്ച വിഴിഞ്ഞത്ത് സമാപിക്കും.

✪✪✪

മറ്റ് മാധ്യമങ്ങളെ അപേക്ഷിച്ച് ഹൃദ്യമായ ആസ്വാദനം ഉണ്ടാകുന്നത് റേഡിയോയിലൂടെ കേൾക്കുന്ന പരിപാടികൾക്കാണെന്ന് UA ലത്തീഫ് MLA അഭിപ്രായപ്പെട്ടു. അഖില കേരള റേഡിയോ ലിസണേഴ്സസ് അസോസിയേഷൻ മലപ്പുറം ജില്ലാ കമ്മിറ്റി മഞ്ചേരിയിൽ സംഘടിപ്പിച്ച റേഡിയോ ശ്രോതാക്കളുടെ പത്താമത് സുഹൃദ് സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ജില്ല പ്രസിഡന്റ് കുഞ്ഞാണി തെഞ്ചേരി അധ്യക്ഷനായിരുന്നു. മഞ്ചേരി ആകാശവാണി FM മേധാവി C.കൃഷ്ണ കുമാർ, ട്രാൻസ്മിഷൻ എക്സിക്യൂട്ടീവുമാരായ മുനീർ ആമയൂർ, ഫഹദ് റാസ, സെവിൽ ജിഹാൻ, AKRLA സംസ്ഥാന പ്രസിഡന്റ് മൊയ്തീൻ കുഞ്ഞ് തൃക്കാക്കര തുടങ്ങിയവർ സംസാരിച്ചു.

✪✪✪

വനിതാ പ്രീമിയർ ലീഗ് ട്വന്റി 20 ക്രിക്കറ്റിൽ ഗുജറാത്ത് ജയന്റ്സ് UP വാരിയേഴ്സിനെ ആറു വിക്കറ്റിന് തോൽപ്പിച്ചു. വഡോദരയിലെ കൊട്ടമ്പി സ്റ്റേഡിയത്തിൽ ആദ്യം ബാറ്റു ചെയ്ത UP വാരിയേഴ്സ് ഒൻപതു വിക്കറ്റിന് 143 റൺസ് എടുത്തു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഗുജറാത്ത് ജയന്റ്സ് നാല് വിക്കറ്റിന് 144 റൺസെടുത്ത് ലക്ഷ്യം മറികടന്നു.

ഇന്ന് വൈകിട്ട് ഏഴരയ്ക്ക് ഡൽഹി ക്യാപിറ്റൽസ് റോയൽ ചലഞ്ചേഴ്സ് ബംഗളുരുവുമായി വഡോദരയിൽ ഏറ്റുമുട്ടും.

✪✪✪

രഞ്ജി ട്രോഫി ക്രിക്കറ്റ് സെമിയിൽ അഹമ്മദാബാദിൽ കേരളം ഇന്ന് ഗുജറാത്തിനെ നേരിടും. രാവിലെ 9.30ന് മത്സരം ആരംഭിക്കും. രണ്ടാം തവണയാണ് കേരളം രഞ്ജി ട്രോഫി സെമിയിൽ എത്തുന്നത്.

ഇന്നാരംഭിക്കുന്ന മറ്റൊരു സെമിയിൽ നിലവിലെ ചാമ്പ്യന്മാരായ മുംബൈ / വിദർഭയെ നേരിടും.

✪✪✪

ഐ ലീഗ് രണ്ടാം ഡിവിഷൻ ഫുട്ബോൾ മത്സരത്തിൽ സാറ്റ് FC കേരളക്ക് ജയം.

മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ക്ലാസ FC മണിപ്പുരിനെ, ഏകപക്ഷിയമായ രണ്ട് ഗോളുകൾക്കാണ് സാറ്റ് FC തോൽപ്പിച്ചത്.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ തുടർ തോൽവികൾക്ക് ശേഷം ആശ്വാസ ജയം തേടി ഗോകുലം കേരള സ്വന്തം തട്ടകത്തിൽ ഇന്ന് ഇറങ്ങും. കോഴിക്കോട് കോർപറേഷൻ സ്റ്റേഡിയത്തിൽ രാത്രി ഏഴിന് നടക്കുന്ന മത്സരത്തിൽ ഡൽഹി FCയെയാണ് ഗോകുലം നേരിടുന്നത്.

✪✪✪

ഭുവനേശ്വറിൽ FIH-പ്രൊ ഹോക്കി ലീഗിൽ ഇന്ത്യയുടെ പുരുഷ ടീം സ്പെയിനിനെ മറുപടിയില്ലാത്ത രണ്ടു ഗോളുകൾക്ക് തോൽപ്പിച്ചു. വനിതകളുടെ രണ്ടാം മത്സരത്തിൽ ഷൂട്ട് ഔട്ടിൽ ഇംഗ്ളണ്ട് ഇന്ത്യയെ തോൽപ്പിച്ചു . ഇന്ത്യയുടെ അടുത്ത മത്സരം നാളെ സ്പെയിനുമായാണ്.

✪✪✪

തിരുവനന്തപുരത്ത് 29-ാമത് സംസ്ഥാന സബ്ജൂണിയർ സോഫ്റ്റ് ബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ എറണാകുളം ഫൈനലിൽ പ്രവേശിച്ചു.

സെമിയിൽ ആലപ്പുഴയെ 9-6 ന് തോൽപ്പിച്ചാണ് എറണാകുളം ഫൈനലിൽ എത്തിയത്.

✪✪✪

പത്തനംതിട്ട പെരുനാട് മഠത്തും മൂഴിയിൽ യുവാവ് കുത്തേറ്റു മരിച്ചു. CITU പ്രവർത്തകൻ ജിതിൻ ആണ് കൊല്ലപ്പെട്ടത്. ഇന്നലെ രാത്രി 10 ന് ശേഷം മഠത്തുമുഴി പാലത്തിനു സമീപം യുവാക്കൾ തമ്മിലുണ്ടായ സംഘർഷം കത്തിക്കുത്തിൽ കലാശിക്കുകയായിരുന്നു. ആക്രമണത്തിൽ ഒരാൾക്ക് പരിക്കേറ്റു.

സംഘർഷത്തിന് പിന്നിൽ രാഷ്ട്രീയം ഇല്ലെന്നാണ് പൊലീസിന്റെ പ്രാഥമിക നിഗമനം.

✪✪✪

കോഴിക്കോട്ട് വൻ മയക്കുമരുന്ന് വേട്ട. 28 കിലോ കഞ്ചാവുമായി പുതിയ ബസ്സ്റ്റാന്റിൽ നിന്ന് രണ്ട് പേരും, മുക്കാൽ കിലോ MDMA യുമായി റെയിൽവേ സ്റ്റേഷൻ ഭാഗത്ത് ഒരാളും പിടിയിലായി.

എറണാകുളം കളമശ്ശേരി സ്വദേശി ഷാജി, പശ്ചിമ ബംഗാളിലെ മുർഷിദാബാദ് സ്വദേശി മോമിനൂൾ മലിത എന്നിവരെയാണ് കഞ്ചാവുമായി പിടികൂടിയത്. മലപ്പുറം സ്വദേശി K സിറാജാണ് MDMA യുമായി പിടിയിലായത്.

സിറ്റി നാർക്കോട്ടിക്ക് സെൽ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഡാൻസാഫും, കസബ, ടൗൺ പോലീസും നടത്തിയ പരിശോധനയിലാണ് കഞ്ചാവും, മാരക ലഹരി മരുന്നായ MDMA യും പിടികൂടിയത്.

✪✪✪

മണിയാർ ഡാം രാവിലെ എട്ടിനു തുറക്കും. ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലയിലെ പാടശേഖരങ്ങളോട് ചേർന്ന തോടുകളിൽ ഉപ്പിന്റെ അളവ് വർദ്ധിച്ചു വരുന്നത് പ്രദേശത്തെ നെൽകൃഷിയ്ക്ക് ഭീഷണി ഉയർത്തുന്ന സാഹചര്യത്തിലാണ് ഡാം തുറക്കുന്നത്. ബാരേജിന്റെ സ്പിൽവേ ഷട്ടറുകൾ ഉയർത്തി ജലം ഒഴുക്കുന്നതിനാൽ കക്കാട്ടാറിലും പമ്പയാറിലെ ചില പ്രദേശങ്ങളിലും ഒരു മീറ്റർ വരെ ജലനിരപ്പ് ഉയരാൻ സാധ്യതയുണ്ട്. കക്കാട്ടാറിന്റെയും പമ്പയാറിന്റെയും തീരത്ത് താമസിക്കുന്നവരും മണിയാർ, പെരുനാട്, വടശ്ശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള, ചെങ്ങന്നൂർ നിവാസികളും ജാഗ്രത പുലർത്തണമെന്ന് പത്തനംതിട്ട ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

സാമൂഹിക അവബോധവും ധാർമിക മൂല്യങ്ങളും പുതുതലമുറ വിദ്യാർഥികളെ അഭ്യസിപ്പിക്കാൻ പാഠ്യ പദ്ധതിയിൽ ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്തണമെന്ന് ഗ്രാൻഡ് മുഫ്തി കാന്തപുരം AP അബൂബക്കർ മുസ്‌ലിയാർ പറഞ്ഞു. ധാർമിക

വിദ്യാഭ്യാസത്തിന് മാത്രമേ സമാധാന സാമൂഹികാന്തരീക്ഷം സാധ്യമാക്കാനാവൂ എന്നും അദ്ദേഹം പറഞ്ഞു.

കോഴിക്കോട്ട്, മർകസ് വാർഷിക, സനദ് ദാന പൊതുസമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തുകയാ യിരുന്നു അദ്ദേഹം.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: ഹക്കീം കൂട്ടായി*
*Casual News Reader: സബിത ആനന്ദ്*
*DEO: സുബോധ് സി കെ*